(ഇ) പ്രസ്തുത തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നാണോ നിയമനം നടത്തിയതെന്ന് അറിയിക്കുമോ ;

(എഫ്) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ജി) 2011 മാർച്ച് 31-ന് അസിസ്റ്റന്റ് ഗ്രേഡ് തസ്തികയിൽ എത്ര ഒഴിവുകൾ സർവ്വകലാശാലയിൽ ഉണ്ടാകുമെന്ന് അറിയിക്കുമോ ;

(എച്ച്) സർവ്വകലാശാല വെബ്സൈറ്റിൽ അസിസ്റ്റന്റ് ഗ്രേഡ് 2-ന്റെ നിയമന നിലകൂടി ഉൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ ഇതിന് എന്ത് സാങ്കേതിക തടസ്സമാണുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംവരണതത്വം സൂചിപ്പിക്കുന്ന വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു*

(ബി&സി) ജോലിയിൽ പ്രവേശിക്കാത്തവരുടെയും ജോലിയിൽ പ്രവേശിച്ചശേഷം പിരിഞ്ഞു പോയവരുടെയും പകരമായി നിയമനം നൽകിയവരുടെയും വിശദാംശങ്ങൾ അനുബന്ധം II- ഉം III-ഉം ആയി ചേർത്തിരിക്കുന്നു.*

(ഡി) 18 അസിസ്റ്റന്റ് തസ്തികകൾ 1-12-2009-ന് പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

(ഇ) അതെ.

(എഫ്) ബാധകമല്ല.

(ജി) 29 ഒഴിവുകൾ, ഇതിൽ 9 പേരെ ഇതിനോടകം സൂപ്പർന്യൂമററിയായി നിയമിച്ചിട്ടുണ്ട്.

(എച്ച്) നിയമനത്തിന്റെ വിശദാംശങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ഇപ്പോൾ തന്നെ നൽകി വരുന്നുണ്ട്. സർവ്വകലാശാലയുടെ വെബ്സൈറ്റിന്റെ വിലാസം www.mguniversity. edu

പാരലൽ കോളേജ് അദ്ധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും

99 (2110) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരലൽ കോളേജ് അദ്ധ്യാപകർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ നൽകിക്കൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) വർഷങ്ങളോളം പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, ജോലി ചെയ്ത് പി.എസ്.സി. നിയമന പ്രായപരിധി കഴിഞ്ഞുപോയ അദ്ധ്യാപകർക്കെങ്കിലും പെൻഷൻ അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ;

(ഡി) മുഴുവൻ പാരലൽ കോളേജ് അദ്ധ്യാപകർക്കും ക്ഷേമനിധി നടപ്പിലാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിലവിൽ പ്രത്യേക ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല.

(ബി&സി) ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി 2011-12 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ "ക്ഷേമനിധി" രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇപ്പോൾ നടപടിയൊന്നും പരിഗണനയിലില്ല.

കേരളത്തിലെ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ

100 (2111) ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരിൽ നാളിതുവരെ നിയമനം ലഭിച്ചവർക്ക് പ്രൊട്ടക്ഷൻ നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ;

(ബി) എന്നുവരെ നിയമനം ലഭിച്ചവർക്ക് പ്രൊട്ടക്ഷൻ നൽകാൻ കഴിയും ?

ഉത്തരം

(എ) ഇല്ല.

(ബി) 14-7-1997 വരെ നിയമനം ലഭിച്ചവർക്കാണ് നിലവിൽ പ്രൊട്ടക്ഷൻ നൽകുന്നത്.

സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമന വ്യവസ്ഥകൾ

101 (2112) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമന വ്യവസ്ഥകളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly